പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3720 | 17-10-2011 - ൽ മറുപടിയ്ക്ക്

## ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ;<br><br>(ബി) എത്ര പദ്ധതികൾക്ക് ഇതുവരെ അനുമതി നൽകിയിട്ടുണ്ട് ; | (എ)യും (ബി) യും<br><br>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്ക് അനുമതി നൽകിയിട്ടില്ല. നിർദ്ദേശങ്ങൾ പരിഗണിച്ചുവരുന്നു. |
| (സി) ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പുനരുദ്ധാരണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ? | (സി) 2009-2010 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ പുനരുദ്ധാരണം ആവശ്യമായിട്ടുള്ള 418 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്ക് 104.04 കോടി രൂപയുടെ പ്രത്യേക പാക്കേജിന് അനുമതി നൽകുകയുണ്ടായി. പമ്പ് ഹൗസ്, കനാൽ എന്നിവയുടെ മെയിന്റനൻസ് പദ്ധതികൾക്കായും, കേടായ മോട്ടോറും പമ്പുകളും, അനുബന്ധ പൈപ്പുകളും മാറ്റി വയ്ക്കുന്നതിനും, ഇലക്ട്രിക്കൽ പദ്ധതികൾക്കുമായാണ് ഈ തുക നൽകിയത്. ഇതിൽ 4 പദ്ധതികൾ ഉപേക്ഷിക്കുകയും ബാക്കി 414 പദ്ധതികളിൽ 410 പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഇതിൽ സിവിൽ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. മെക്കാനിക്കൽ വിഭാഗം വഴി പമ്പുകളും, മോട്ടോറിനും ഉള്ള സപ്ലൈ ഓർഡർ കൊടുത്തു കഴിഞ്ഞിട്ടുണ്ട്. ഇലക്ട്രിക്കൽ വിഭാഗം മുഖാന്തിരം ഇലക്ട്രിക്കൽ പണികൾ ടെൻഡർ ചെയ്തു. പണികൾ പുരോഗമിച്ചു കൊണ്ടിരിയ്ക്കുകയാണ്. |

സെക്ഷൻ ഓഫീസർ.